## പതിനാലാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 188

14.07.2016-ൽ
മറുപടിയ്ക്ക്

## റബ്ബർ ഇറക്കുമതി നിയന്ത്രിക്കുന്നതിനുള്ള ഇടപെടൽ

| ചോദ്യം<br>ശ്രീ. സി.കെ. നാണു<br>ശ്രീ. കെ.കൃഷ്ണൻകുട്ടി<br>ശ്രീ. തോമസ് ചാണ്ടി<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | | ഉത്തരം<br>ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും കായികവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | വ്യാവസായിക ആവശ്യത്തിനുള്ള റബ്ബർ ഇറക്കുമതി നിയന്ത്രിക്കുന്നതിനുള്ള ഇടപെടൽ നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ; | (എ) യും (ബി) യും | വ്യാവസായിക റബ്ബർ ഇറക്കുമതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിയന്ത്രിക്കുന്നത് കേന്ദ്ര ഗവൺമെന്റ് ആണ്. റബ്ബറുമായി ബന്ധപ്പെട്ട് നിലവിൽ താഴെപ്പറയുന്ന ഇറക്കുമതി നിയന്ത്രണങ്ങൾ ഉണ്ട്.<br>(1) ഇറക്കുമതി ഡ്യൂട്ടി 20%-ൽ നിന്നും 25% ആയി വർദ്ധിപ്പിച്ചിട്ടുണ്ട്.<br>(2) ഇറക്കുമതിക്ക് തുറമുഖ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ച് ഇപ്പോൾ ചെന്നൈ, മുംബൈ തുറമുഖങ്ങൾ വഴി മാത്രമേ ഇറക്കുമതി അനുവദിക്കുന്നുള്ളു.<br>(3) Director General of Foreign Trade ഇറക്കുമതി ചെയ്യുന്ന സാധനങ്ങളിന്മേലുള്ള export obligation period 6 മാസമായി കുറച്ചിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | | |
| (സി) | മൂല്യ വർദ്ധിത ഉൽപ്പന്നത്തിന്റെ അന്തിമ വിലയുടെ ഒരംശം കർഷകന് ലഭിക്കത്തക്ക വിധത്തിൽ ആവശ്യമായ നിയമ പരിരക്ഷ ഉറപ്പുവരുത്താൻ വ്യവസായ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ? | (സി) | ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ